പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യംനമ്പർ. T.2485 11/10/2011-ൽ മറുപടിയ്ക്ക്

## വികസന പദ്ധതികൾക്ക് ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച നയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.സി.ജോർജ്<br>ശ്രീ.റോഷി അഗസ്റ്റിൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) വികസനപ്രവർത്തനങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതിലുണ്ടാകുന്ന കാലതാമസം വികസന സാദ്ധ്യതകളെ പിറകോട്ടു തള്ളുന്നതായി കരുതുന്നുണ്ടോ ; വ്യക്തമാക്കുമോ ;<br><br>(ബി) ഭൂമി ഏറ്റെടുക്കുന്നതിന് കൃത്യമായ പുനരധിവാസ പാക്കേജ് ഉറപ്പാക്കി വികസന പദ്ധതികൾ സമയ ബന്ധിതമാക്കാൻ ഊർജ്ജിത നടപടി സ്വീകരിക്കുമോ ? | (എ) & (ബി) വികസന പ്രവർത്തനങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതിലുണ്ടാകുന്ന കാലതാമസം വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. 1894-ലെ കേന്ദ്ര പൊന്നുംവില നിയമം അനുസരിച്ച് സംസ്ഥാനം രൂപീകരിച്ചിട്ടുള്ള 1990-ലെ പൊന്നുംവില ചട്ടത്തിന്റെ അടിസ്ഥാനത്തിലാണ് പൊതു ആവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്നത്. ഈ നിയമമനുസരിച്ച് സ്റ്റാറ്റ്യൂട്ടറി നോട്ടീസ് നൽകുന്നതിനും, ഭൂവുടമകൾക്ക് രേഖകൾ സമർപ്പിക്കുന്നതിനും, സർവ്വേ ചെയ്ത റിവൈസ്ഡ് റിക്കാർഡുകൾ തയ്യാറാക്കുന്നതിനും സമയപരിധി അനുവദിച്ചിട്ടുള്ളതിനാൽ, മഹസ്സർ തയ്യാറാക്കൽ, വിലനിർണ്ണയം, നഷ്ടപരിഹാര നിർണ്ണയം എന്നിവയ്ക്ക് കാലതാമസം ഉണ്ടാകാറുണ്ട്. എന്നിരുന്നാലും പൊന്നുംവില നടപടികൾ പ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ സമയബന്ധിതമായി നടപടികൾ പൂർത്തിയാക്കുന്നതിന് എല്ലാ ലാന്റ് അക്വിസിഷൻ ആഫീസർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പൊന്നുംവില നടപടികളിൽ കാലതാമസം ഒഴിവാക്കുന്നതിനും നടപടികൾ സുഗമമാക്കുന്നതിനുമായി ജില്ലാ കളക്ട്രേറ്റുകളിൽ എല്ലാ മാസവും ഭൂമി പൊന്നുംവില ആഫീസർമാരെ വിളിച്ചു വരുത്തി അവലോകന യോഗങ്ങൾ നടത്തി വരുന്നുണ്ട്. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് കേരള സർക്കാർ രൂപം കൊടുത്തു വരുന്ന സമഗ്രമായ പുനരധിവാസ നയം മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ